S001	CO

"ഭരണഭാഷ- മാതൃഭാഷ"

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

PA2/061137/2022 പെൻഷൻ & ആഡിറ്റ് വിഭാഗം

തീയതി :04.08.2025.

Part III Rule 3 KSR Notice

31/05/2022 ൽ കണ്ണൂർ യൂണിറ്റിൽ നിന്നും ഡ്രൈവർ തസ്തികയിൽ വിരമിച്ച ശ്രീ.ജയചന്ദ്രൻ കുന്നമ്മൽ എന്ന താങ്കൾക്ക് 14/07/2010 ൽ ഡ്യൂട്ടിക്കിടയിൽ നടന്ന അപകടവുമായി ബന്ധപ്പെട്ട് Medical Expense ഇനത്തിൽ Rs.2,27,692/- TR2/2679/10/KNR dtd.22/10/2010 ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. പ്രസ്തുത അപകടവുമായി ബന്ധപ്പെട്ട് താങ്കൾക്ക് ഇൻഷ്വറൻസ് തുക ലഭിക്കുമ്പോൾ ടി തുക കെ.എസ്.ആർ.ടി.സി യ്ക്ക് തിരികെ അടയ്ക്കണമെന്ന് ടി ഉത്തരവിൽ പ്രതിപാദിച്ചിരുന്നു. എന്നാൽ കോർപ്പറേഷൻ അനുവദിച്ച Medical Expense തുകയായ Rs.2,27,692/- താങ്കൾ നാളിതുവരെ മെഡിക്കൽ റീം ഇംപേഴ്സ്മെന്റ് അപേക്ഷ സമർപ്പിച്ച് ടി തുക claim ചെയ്യുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. ടി അപകടവുമായി ബന്ധപ്പെട്ട് താങ്കൾ വടകര MACT മുമ്പാകെ ഫയൽ ചെയ്ത കേസിലെ (OP(MV) 92/12) ബഹു.ട്രൈബ്യൂണലിന്റെ 11/11/2016 തീയതിയിലെ ഉത്തരവനുസരിച്ച് താങ്കൾക്ക് Rs.4,44,360/- (നാല് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി മുന്നൂറ്റി അറുപത് രൂപ മാത്രം) 9% പലിശ സഹിതം വിധിച്ച് ഉത്തരവായിട്ടുണ്ട്. അപകടത്തെ തുടർന്നുണ്ടായ Medical Expense ഉൾപ്പെടെയുള്ള നഷ്ടവും നഷ്ടപരിഹാരവും ബഹു.വടകര MACT യിൽ നിന്ന് താങ്കൾക്ക് ലഭിച്ചിരുന്നുവെങ്കിലും Medical Advance ആയി കെ.എസ്.ആർ.ടി.സി യിൽ നിന്നും കൈപ്പറ്റിയ Rs.2,27,692/- താങ്കൾ തിരികെ അടച്ചില്ല. തന്മൂലം കോർപ്പറേഷന് സാമ്പത്തിക നഷ്ടത്തിന് ഇടവരുത്തിയിട്ടുള്ളതിനാൽ 31/05/2022 ൽ താങ്കൾ വിരമിച്ച സാഹചര്യത്തിൽ ടി തുക കെ.എസ്.ആർ.ടി.സി യിലേയ്ക്ക് താങ്കൾ ഒടുക്കാത്ത പക്ഷം

Part III Rule 3 KSR പ്രകാരം ടി തുക താങ്കളുടെ പെൻഷനിൽ നിന്നും ഈടാക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത വിഷയത്തിൽ ശ്രീ.ജയചന്ദ്രൻ. കന്നുമ്മൽ എന്ന താങ്കൾക്ക് എന്തെങ്കിലും വിശദീകരണം ബോധിപ്പിക്കാനുണ്ടെങ്കിൽ 30 ദിവസത്തിനകം പെൻഷൻ ആന്റ് ആഡിറ്റ് വിഭാഗത്തിൽ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം ഇനിയൊരറിയിപ്പില്ലാതെ തന്നെ ടി തുക താങ്കളിൽ നിന്നും നിയമാനുസൃതം ഈടാക്കുന്നതുമാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ
അഡീഷണൽ ചാർജ്ജ് ഓഫ്
ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ
(പെൻഷൻ ആന്റ് ആഡിറ്റ് വിഭാഗം)

04/8/25

സ്വീകർത്താവ്,
ശ്രീ.ജയചന്ദ്രൻ കന്നുമ്മൽ,
ഡ്രൈവർ റിട്ടയേർഡ്,
കണ്ണൂർ.
(യൂണിറ്റധികാരി കണ്ണൂർ മുഖാന്തിരം)

04/8/25

യൂണിറ്റധികാരി കണ്ണൂർ - ടി നോട്ടീസ് പാർട്ടിക്ക് കൈമാറേണ്ടതും ടിയാൻ കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ ഒപ്പ് ഇട്ട് തിരികെ നൽകേണ്ടതുമാണ്.